# മഹാനായ മന്നത്തു പത്മനാഭൻ

**ജി. സുകുമാരൻ നായർ**

**ജനറൽ സെക്രട്ടറി, എൻ.എസ്.എസ്.**



ജനുവരി 2 സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ ജന്മദിനമാണ്. ജന്മദിനത്തോടനുബന്ധിച്ച് പതിവുപോലെ നടന്നുവരാറുള്ള ജയന്തി ആഘോഷപരിപാടികൾ ജനുവരി 1, 2 തീയതികളിൽ പെരുന്ന മന്നം നഗറിൽ നടക്കും. ആ മഹാത്മാവിനോടുള്ള ആദരവും പ്രണാമവും അർപ്പിക്കാനുള്ള അവസരമാണിത്.

1878 ജനുവരി രണ്ടിന് പെരുന്നയിൽ മന്നത്തുവീട്ടിൽ പാർവതിയമ്മയുടെയും, വാകത്താനം നീലമന ഇല്ലത്ത് ഈശ്വരൻ നമ്പൂതിരിയുടെയും പുത്രനായി ജനിച്ച അദ്ദേഹത്തിന് മാതാവിന്റെ വാത്സല്യം മാത്രമായിരുന്നു ആശ്രയമായിട്ടുണ്ടായിരുന്നത്. അഞ്ചാമത്തെ വയസ്സിൽ അമ്മ എഴുത്തിനിരുത്തി. എട്ടു വയസ്സുവരെ കളരിയാശാന്റെ ശിക്ഷണത്തിൽ കഴിയവേ, സാമാന്യം നല്ലവണ്ണം എഴുതാനും വായിക്കാനും കണക്കുകൂട്ടുവാനും പഠിച്ചു. പിന്നീട് ചങ്ങനാശ്ശേരിയിലുള്ള സർക്കാർ സ്കൂളിൽ ചേർന്നു. സാമ്പത്തികപരാധീനതകളാൽ അവിടെ തുടർന്നുപഠിക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഒരു നാടകസംഘത്തിൽ ബാലനടനായി ചേർന്നു. അനുഗൃഹീതനടൻ എന്ന പേര് രണ്ടു വർഷംകൊണ്ടു സമ്പാദിച്ചു. ബാല്യകാലത്തു തന്നെ തുള്ളൽക്കഥകൾ, ആട്ടക്കഥകൾ, നാടകങ്ങൾ മുതലായ സാഹിത്യഗ്രന്ഥങ്ങൾ വായിച്ച് ഭാഷാജ്ഞാനവും സാഹിത്യവാസനയും പരിപുഷ്ടമാക്കി.

ചങ്ങനാശ്ശേരി മലയാളം സ്കൂളിൽ പഠിച്ച് സർക്കാർ കീഴ്ജീവന പരീക്ഷ വിജയിച്ചു. തുടർന്ന് കാഞ്ഞിരപ്പള്ളിയിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിച്ചു. താമസിയാതെ ഒരു മാതൃകാദ്ധ്യാപകൻ എന്ന പേരു സമ്പാദിച്ചു. പിന്നീട് പല സർക്കാർ പ്രൈമറിസ്കൂളുകളിലും പ്രഥമാദ്ധ്യാപകൻ ആയി ജോലിനോക്കി. 27-ാമത്തെ വയസ്സിൽ മിഡിൽ സ്കൂൾ അദ്ധ്യാപകൻ ആയിരിക്കുമ്പോൾ ഹെഡ്മാസ്റ്ററുടെ നീതിവിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് ഉദ്യോഗം രാജിവച്ചു. ഇതിനു രണ്ടുവർഷം മുമ്പ് തുറവൂർ സ്കൂളിൽ അദ്ധ്യാപകൻ ആയിരിക്കുമ്പോൾ മജിസ്ട്രേറ്റ് പരീക്ഷയിൽ പ്രൈവറ്റായി ചേർന്നു ജയിച്ച്, സന്നതെടുത്തു. ചങ്ങനാശ്ശേരി മജിസ്ട്രേറ്റ് കോടതിയിൽ വക്കീലായി പ്രാക്ടീസ് ചെയ്ത് അഭിഭാഷകവൃത്തിയിലും അദ്ദേഹം പേരെടുത്തു.

തുടർന്ന് പെരുന്ന കരയോഗ ഉദ്ഘാടനം, ചങ്ങനാശ്ശേരി നായർ സമാജ രൂപീകരണം, നായർ ഭൃത്യജനസംഘ പ്രവർത്തനാരംഭം - ഇങ്ങിനെ ഒന്നിനു പുറകേ മറ്റൊന്നായി അദ്ദേഹത്തിന്റെ സമുദായപ്രവർത്തനമണ്ഡലം കൂടുതൽ വിപുലമായി. 1914 ഒക്ടോബർ 31-ന് നായർസമുദായ ഭൃത്യജനസംഘം രൂപീകരിച്ച് അധികം കഴിയുന്നതിനു മുമ്പ് അതിന്റെ നാമധേയം നായർ സർവീസ് സൊസൈറ്റി എന്നാക്കുകയും, പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. സൊസൈറ്റിയുടെ ആദ്യ സെക്രട്ടറിയായി അദ്ദേഹത്തെ തിരഞ്ഞെടുത്തു.

1924-ൽ നടന്ന ചരിത്രപ്രസിദ്ധമായ വൈക്കം സത്യാഗ്രഹം, അദ്ദേഹത്തിന്റെ നേതൃത്വത്തിൽ വൈക്കത്തുനിന്നും കാൽനടയായി രാജധാനിയിലേക്കു പുറപ്പെട്ട 'സവർണജാഥ', ഗുരുവായൂർ സത്യാഗ്രഹം തുടങ്ങിയവ അദ്ദേഹത്തിന്റെ സംഘടനാചാതുരിയേയും നേതൃത്വപാടവത്തേയും,

പ്രക്ഷോഭണ - സംഘടനാ വൈദഗ്ദ്ധ്യത്തേയും വെളിപ്പെടുത്തുന്ന സംഭവങ്ങളാണ്. 1914 ഒക്ടോബർ 31 മുതൽ 1945 ആഗസ്റ്റ് 17 വരെ 31 വർഷക്കാലം എൻ.എസ്.എസ്സിന്റെ സെക്രട്ടറിയായിരുന്നു. പിന്നീട് മൂന്നുവർഷം പ്രസിഡന്റായി.

1947-ൽ സംഘടനയുമായുള്ള ഔദ്യോഗികബന്ധങ്ങൾ വേർപെടുത്തി, സ്റ്റേറ്റ് കോൺഗ്രസ്സിനും ഉത്തരവാദഭരണ പ്രക്ഷോഭണത്തിനും നേതൃത്വം നൽകി. മുതുകുളത്തു ചേർന്ന സ്റ്റേറ്റ് കോൺഗ്രസ് യോഗത്തിൽ ചെയ്ത പ്രസംഗത്തെ തുടർന്ന് ജയിൽവാസം അനുഭവിക്കേണ്ടിവന്നു. ഇതിനിടയ്ക്ക് അമ്മ മരിച്ചു. രണ്ടര മാസത്തിനുശേഷം അദ്ദേഹം ജയിൽവിമോചിതനായി. പ്രായപൂർത്തി വോട്ടവകാശപ്രകാരം തിരുവിതാംകൂറിൽ ആദ്യമായി നടന്ന തിരഞ്ഞെടുപ്പിൽ പത്തനംതിട്ട നിയോജകമണ്ഡലത്തിൽ നിന്നു വിജയിച്ച് അദ്ദേഹം നിയമസഭാസാമാജികനായി.

1949 ആഗസ്റ്റിൽ ആദ്യമായി രൂപീകരിച്ച തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റായി. തുടർന്ന് പത്തുകൊല്ലം സജീവരാഷ്ട്രീയത്തിൽ പ്രവേശിക്കാതെ സാമൂഹ്യ പ്രവർത്തനങ്ങളിലും എൻ.എസ്.എസ്സിന്റെ വളർച്ചയിലും ബദ്ധശ്രദ്ധനായി പരിശ്രമിച്ചു. തിരുക്കൊച്ചി സംസ്ഥാനവും, അനന്തരം കേരളസംസ്ഥാനവും രൂപം പ്രാപിച്ചപ്പോൾ കോൺഗ്രസ് അദ്ദേഹത്തെ വീണ്ടും ക്ഷണിച്ചെങ്കിലും, രാഷ്ട്രീയപ്രവർത്തനത്തിൽ അദ്ദേഹം സജീവമായി ഏർപ്പെട്ടില്ല.

1957-ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് തോറ്റു. കമ്മ്യൂണിസ്റ്റുപാർട്ടി അധികാരത്തിൽ വന്നു. കമ്മ്യൂണിസ്റ്റുഭരണത്തിൽ മനംമടുത്ത് അദ്ദേഹം വിമോചനസമരത്തിനു നേതൃത്വം നൽകി. 1959 ജൂലൈയിൽ അങ്കമാലിയിൽ നിന്നാരംഭിച്ച 'ജീവശിഖ'കളെ സ്വീകരിച്ച് അദ്ദേഹം രാജ്ഭവനിലേക്കു ജാഥ നയിച്ചു. ജൂലൈ 31-ന് കമ്മ്യൂണിസ്റ്റു മന്ത്രിസഭ പിരിച്ചുവിടപ്പെടുകയും, പ്രസിഡന്റുഭരണം നടപ്പിലാവുകയും ചെയ്തു. രാഷ്ട്രീയസമരരംഗത്ത് അത്ഭുതം സൃഷ്ടിച്ച മഹാനായ സേനാനി എന്ന നിലയിൽ അദ്ദേഹം ലോകപ്രസിദ്ധനായി. അങ്ങനെ ഭാരതകേസരിയുമായി.

1959-ൽ പശ്ചിമ ജർമ്മനി, ഇംഗ്ലണ്ട്, ഫ്രാൻസ്, സ്വിറ്റ്സർലണ്ട് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ഓക്സ്ഫോർഡ് സർവകലാശാലയിൽ മലയാളത്തിൽ ഒരു പ്രസംഗം ആദ്യമായി ചെയ്തതും, ലണ്ടനിൽ വച്ച് 'ടെലിവൈസ്' ചെയ്ത പരിപാടിയിൽ ആദ്യമായി മലയാളഭാഷയിൽ ഒരു അഭിമുഖസംഭാഷണം നടത്തിയതും അദ്ദേഹമാണ്.

മികച്ച ഒരു വാഗ്മിയായിരുന്നു അദ്ദേഹം. സരളമായ ഭാഷാശൈലിയും രചനാരീതിയും അദ്ദേഹത്തിന് അധീനമായിരുന്നു. പഞ്ചകല്യാണി നിരൂപണം, ചങ്ങനാശ്ശേരിയുടെ ജീവിതചരിത്ര നിരൂപണം എന്നീ വിമർശനഗ്രന്ഥങ്ങളും, ഞങ്ങളുടെ എഫ്.എം.എസ്. യാത്ര, എന്റെ ജീവിതസ്മരണകൾ എന്നിവയും അദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെടുന്നു.

സുദീർഘവും കർമ്മനിരതവുമായ സേവനത്തിൽ അഭിമാനംകൊണ്ട് സമുദായം 1960-ൽ അദ്ദേഹത്തിന്റെ ശതാഭിഷേകം കൊണ്ടാടി. സേവനപ്രവർത്തനങ്ങൾ മുഖ്യമായും നായർസമുദായത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നെങ്കിലും, അതിന്റെ ഗുണഭോക്താക്കൾ നാനാജാതിമതസ്ഥരായ ബഹുജനങ്ങളാണെന്ന വസ്തുതയെ അംഗീകരിച്ച് 1966-ൽ ഇന്ത്യാ ഗവണ്മെന്റ് പത്മഭൂഷൺ പുരസ്ക്കാരം നൽകി അദ്ദേഹത്തെ ആദരിച്ചു.

വിശ്രമരഹിതമായ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കെ, 1970 ഫെബ്രുവരി 25-ന് അദ്ദേഹം ഭൗതികമായി നമ്മിൽനിന്നു യാത്ര പറഞ്ഞു. അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന ക്ഷേത്രതുല്യമായ സമാധിയിലെത്തുമ്പോൾ, കഴിഞ്ഞകാല സംഭവങ്ങളും സ്മരണകളും നമ്മെ കൂടുതൽ കർമ്മോന്മുഖരാക്കുന്നു.

മഹത്തുക്കളെപ്പോലും മറന്നുപോകുന്ന ഈ കാലഘട്ടത്തിൽ, തന്റെ ജീവിതം കർമ്മകാണ്ഡമാക്കി മാറ്റിയ ശ്രീ മന്നത്തു പത്മനാഭന്റെ പ്രശസ്തിയേറുന്നതും, അദ്ദേഹത്തിന്റെ ദർശനങ്ങൾക്കു മഹത്വമേറുന്നതുമാണ്, അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്നത്. സംസ്ഥാന സർക്കാർ, മന്നം ജയന്തിദിനം ഈ വർഷം മുതൽ നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചതും അദ്ദേഹത്തിന്റെ മഹത്തായ സേവനങ്ങൾക്കുള്ള അംഗീകാരമാണ്.